(ഡി) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഐസിടി സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള എയ്ഡഡ് സ്കൂളുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമായ കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്.

ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക

13(2650) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) സ്കൂളുകളിൽ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും എണ്ണം പരിമിതപ്പെടുത്തിക്കൊണ്ട് ആർ.എം.എസ്.എ. ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) അഞ്ച് അദ്ധ്യാപകർ, ഒരു പ്രധാനാദ്ധ്യാപകൻ, ഒരു ഓഫീസ് സ്റ്റാഫ് ഇവ മാത്രമേ അനുവദിക്കൂ എന്ന നിർദ്ദേശം ഇത്തരം സ്കൂളുകളിൽ ബുദ്ധിമുട്ടുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ ആരംഭിച്ച മിക്ക സ്കൂളുകളിലും കുട്ടികളുടെ എണ്ണം വളരെ കൂടുതലായതിനാൽ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള തസ്തിക അനുവദിക്കാത്തത് ക്ലാസ് കൈകാര്യം ചെയ്യുന്നതിന് ബുദ്ധുമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള തസ്തിക അനുവദിച്ച് ഇത്തരം സ്കൂളുകളിലെ പഠനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്ത യു.പി. സ്കൂളുകളിൽ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും എണ്ണം നിശ്ചയിക്കുന്നത് മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നോംസ് അനുസരിച്ചാണ്.

(ബി) ഉണ്ട്.

(സി&ഡി) ഉണ്ട്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നോംസിനുപരിയായി വേണ്ട തസ്തികകളിൽ സംസ്ഥാന സർക്കാർ തന്നെ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly